# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 916 — 05.02.2020 ലെ മറുപടി

### കുട്ടനാടൻ ജലാശയങ്ങളുടെ സംഭരണശേഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാടൻ ജലാശയങ്ങളുടെ സംഭരണശേഷി കുറഞ്ഞുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. കുട്ടനാട്ടിലെ തോടുകളിലും മറ്റു ജലാശയങ്ങളിലും പോളയും, ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് നീരൊഴുക്ക കുറയുകയും ജലസംഭരണശേഷി കുറയുകയും ചെയ്തു. വർഷങ്ങളായി കായലിൽ കട്ട കുത്തൽ നടക്കാത്തതിനാൽ മണ്ണ് അടിഞ്ഞുകൂടി കായലിന്റെ ആവാഹനശേഷി കുറഞ്ഞിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ പ്രളയ കാലങ്ങളിൽ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിന് ഇതുവരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിൽ വളരെ അത്യാവശ്യമായി നവീകരിക്കേണ്ട തോടുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. SDRF മുഖേന കുട്ടനാട് താലൂക്കിലെ ഏറ്റവും അത്യാവശ്യമായി നവീകരിക്കേണ്ട ചില തോടുകൾ നവീകരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തോട്ടപ്പള്ളി മുതൽ വീയപുരം വരെയുള്ള 11 കി.മീ തോടിന്റെ ചെളി നീക്കം ചെയ്യാനുള്ള വർക്ക് ടെണ്ടർ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ